# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

എൻ.എസ്.എസ്./എൻ.സി.സി. പ്രവർത്തനങ്ങൾ - 2014-17 അക്കാദമിക വർഷം ഗ്രേസ് മാർക്ക് ലഭിക്കുന്നതിന് അപേക്ഷ വൈകി സമർപ്പിച്ചതിനുള്ള പിഴ,ഓൺലൈൻ പോർട്ടൽ വഴി എൻ.എസ്.എസ്./എൻ.സി.സി. സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നത്, നിലവിലെ ഗ്രേസ് മാർക്ക് നിബന്ധനകൾ പരിശോധിക്കുന്നത് തുടങ്ങിയ കാര്യങ്ങളിലുള്ള സിൻഡിക്കേറ്റ് തീരുമാനം ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ VIII സെക്ഷൻ

നം.3980/എസി.എ VIII/01/2017 തീയതി, പി.ഡി.ഹിൽസ്,29.06.2017

---

പരാമർശം:- (1) 06.11.2009-ലെ 4943/A1/2009/Acad നമ്പർ സർവ്വകലാശാല ഉത്തരവ്.
(2) 15.05.2017 -ലെ 2829/01/Ac.AVIII/2017 നമ്പർ സർവ്വകലാശാല ഉത്തരവ്.
(3) 05.06.2017 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് (ഇനം.നം.52/17.07/171571)

## ഉത്തരവ്

പരാമർശം (1) പ്രകാരം, ഗ്രേസ് മാർക്ക് ലഭിക്കുന്നതിന് അപേക്ഷ വൈകി സമർപ്പിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും വിവിധ നിരക്കിൽ പിഴ ഈടാക്കുവാൻ തീരുമാനിച്ച് ഉത്തരവ് ഇറക്കിയിരുന്നു. എൻ.എസ്.എസ്. സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ വിദ്യാർത്ഥികളിൽ നിന്ന് ഇത്തരത്തിൽ ഈടാക്കേണ്ട പിഴ (500/- രൂപ) ഒഴിവാക്കി പരാമർശം (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (3) പ്രകാരം 05.06.2017 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം, 52/17.07/171571 ഇനം നമ്പരായി താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

"2014-17 അക്കാദമിക വർഷത്തെ എൻ.എസ്.എസ്./എൻ.സി.സി. പ്രവർത്തകരായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതിന് അപേക്ഷ വൈകി സമർപ്പിച്ചതിനുള്ള പിഴ ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചു. തദനുസരണം സർവ്വകലാശാല ഉത്തരവ് ഭേദഗതി ചെയ്യാനും തീരുമാനിച്ചു.

എൻ.സി.സി. ഡയറക്ടറേറ്റ്, എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ, ഡയറക്ടർ, സ്റ്റുഡന്റ്സ് സർവ്വീസസ് എന്നിവരുമായി ചർച്ച നടത്തി ഓൺലൈൻ പോർട്ടൽ വഴി സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിനുള്ള സോഫ്റ്റ് വെയറുകൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾക്കായി രജിസ്ട്രാറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

നിലവിലുള്ള ഗ്രേസ് മാർക്ക് നൽകുന്നതിനുള്ള നിബന്ധനകൾ പരിശോധിക്കുവാൻ സിൻഡിക്കേറ്റിന്റെ പരീക്ഷാ ഉപസമിതിയെ ചുമതലപ്പെടുത്തി."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1)-ലെയും, (2)-ലെയും ഉത്തരവുകൾ ഇതിനാൽ ഭേദഗതി ചെയ്തിരിക്കുന്നു.

ഒപ്പ്
രമേഷ് രാഘവൻ
അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

(1) വി.സി./പി.വി.സി.യുടെ പി.എസ്
(2) രജിസ്ട്രാറുടെ പി.എ
(3) പരീക്ഷാകൺട്രോളറുടെ പി.എ
(4) എസി.എ I
(5) എസി.സി.( അറിവിലേക്കായി)
(6) എസി.എൽ
(7) കണ്ടന്റ് മാനേജ്മെന്റ് സെൽ (അപ്‌ലോഡ് ചെയ്യുന്നതിന്)
(8) പി.ആർ.ഒ
(9) എൻക്വയറി
(10) എല്ലാ ടാബുലേഷൻ സെക്ഷനുകൾക്കും
(11) എ.ആർ/ഡി.ആർ/ജെ.ആർ (അക്കാദമിക്/പരീക്ഷ)
(12) എൻ.എസ്.എസ്.പ്രോഗ്രാം കോ-ഓർഡിനേറ്റർ
(13) ഡയറക്ടർ, സ്റ്റുഡന്റ്സ് സർവ്വീസസ്
(14) ഡോ.ആർ.പ്രഗാഷ് (കൺവീനർ, സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതി)
(15) റെക്കോർഡ്സ് സെക്ഷൻ
(16) ജനറൽ ക്യാഷ് സെക്ഷനുകൾ
(17) ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. Ac.AVIII/01/2366/2017